പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6275 08.07.2014 ൽ മറുപടിക്ക്

## കമാന്റോകളെ ഉൾപ്പെടുത്തി തണ്ടർ ബോൾട്ട്സ് സുരക്ഷാ വിഭാഗം

| ചോദ്യം<br>**ശ്രീ.വർക്കല കഹാർ<br>ശ്രീ.പാലോട് രവി<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.സി.പി.മുഹമ്മദ്** | മറുപടി<br>**രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ)സംസ്ഥാനത്ത് കമാന്റോകളെ ഉൾപ്പെടുത്തി തണ്ടർ ബോൾട്ട്സ് സുരക്ഷാ വിഭാഗം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>ബി) പ്രസ്തുത സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>സി) എന്തെല്ലാം ആധുനിക രീതിയിലുള്ള പരിശീലനങ്ങളാണ് ഇവർക്ക് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;<br>ഡി) ഏതെല്ലാം മേഖലകളിലാണ് ഇവരുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | **(എ)യും (ബി)യും (സി)യും (ഡി)യും**<br>സംസ്ഥാനത്ത് കമാന്റോകളെ ഉൾപ്പെടുത്തി തണ്ടർ ബോൾട്ട്സ് സുരക്ഷാ വിഭാഗം ആരംഭിച്ചിട്ടുണ്ട്. അപ്രതീക്ഷിതവും അപകടകരവുമായ പ്രത്യേക സാഹചര്യങ്ങൾ നേരിടുന്നതിനും തീവ്രവാദപ്രവർത്തനങ്ങൾ, മാവോയിസ്റ്റ് സാന്നിദ്ധ്യം എന്നിവ തടയുന്നതിനായും ഈ വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ കേരളത്തിലെ വിവിധ ജില്ലകളിൽ "ജംഗിൾ പെരിഫെറൽ പട്രോളിംഗ്" മാവോയിസ്റ്റ് ഭീഷണിക്കെതിരെ ഇപ്പോൾ നടത്തി വരികയാണ്. രണ്ട് ഘട്ടങ്ങളിലായി 18 മാസത്തെ പരിശീലനമാണ് തണ്ടർ ബോൾട്ടിലെ കമാന്റോകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത്. ആദ്യം 9 മാസത്തെ പ്രാഥമിക പോലീസ് പരിശീലനവും, പിന്നീട് 9 മാസം ഇന്ത്യയിലെ വിവിധ സേനകൾ നടത്തുന്ന ആധുനിക രീതിയിലുള്ള കമാന്റോ പരിശീലനവുമാണ് നടത്തിവരുന്നത്. |

**സെക്ഷൻ ഓഫീസർ**